ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 16.11.2025** **TIME : 12.30 PM**

## പ്രധാന വാർത്തകൾ

1. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള നാമ നിർദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു.

2. തിരെഞ്ഞെടുപ്പ് പ്രചാരണത്തിൽ സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും പെരുമാറ്റച്ചട്ടം കർശനമാക്കി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ.

3. മണ്ഡലകാല തീർത്ഥാടനത്തിനായി ശബരിമല ക്ഷേത്ര നട ഇന്ന് തുറക്കും; പാലക്കാട് കല്പാത്തിയിൽ ദേവരഥ സംഗമം ഇന്ന്.

4. ബീഹാറിൽ സർക്കാർ രൂപീകരണ ചർച്ചകൾ സജീവം. നാളെ ചേരുന്ന ജെഡിയു നിയമസഭാ കക്ഷി യോഗം ശ്രീ നിതീഷ് കുമാറിനെ കക്ഷി നേതാവായി തിരഞ്ഞെടുക്കും.

5. പത്രപ്രവർത്തന മൂല്യങ്ങളെയും മാധ്യമങ്ങളുടെ സാമൂഹിക ഉത്തരവാദിത്തത്തെയും ഓർമ്മിപ്പിച്ച് ഇന്ന് ദേശീയ പത്രദിനം.

6. ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് 124 റൺസ് വിജയലക്ഷ്യം.

## തെരഞ്ഞെടുപ്പ്

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. പത്രിക സമർപ്പണത്തിൻ്റെ ആദ്യദിനമായ ഇന്നലെ സംസ്ഥാനത്ത് 42 പേർ നാമ നിർദേശ പത്രിക സമർപ്പിച്ചു.

ഈ മാസം 21 വരെയാണ് പത്രികാ സമർപ്പണം. അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. 13 ന് വോട്ടെണ്ണൽ നടക്കും.

## വോട്ടർപട്ടിക

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനത്തു ആകെ 2 കോടി 86 ലക്ഷത്തി 62,712 വോട്ടർമാരാണുള്ളത്. ഇതിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ളത് മലപ്പുറം ജില്ലയിൽ ആണ്. 36 ലക്ഷത്തിലധികം വോട്ടർമാർ. ഏറ്റവും കുറവ് വോട്ടർമാർ വയനാട് ജില്ലയിൽ. 6 ലക്ഷത്തി 47000 പേർ. സംസ്ഥാനത്തു 1 കോടി 51 ലക്ഷത്തിലധികം വനിതാ വോട്ടർമാരും,1 കോടി 35 ലക്ഷത്തിലധികം പുരുഷ വോട്ടർമാരും 289 ട്രാൻസ് ജൻഡർ വോട്ടർമാരും വോട്ടർപ്പട്ടികയിൽ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

## തെരഞ്ഞെടുപ്പ് - കൊല്ലം (ഇൻട്രോ)

സ്ഥാനാർത്ഥി പ്രഖ്യാപനം പുരോഗമിച്ചതോടെ കൊല്ലം ജില്ലയിൽ തിരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ സജീവമായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ

(വോയ്സ്)

## തദ്ദേശ തെരഞ്ഞെടുപ്പ് ചട്ടം

തദ്ദേശ തെരഞ്ഞെടുപ്പിൻറെ പ്രചാരണത്തിൽ സ്ഥാനാർത്ഥി കൾക്കും രാഷ്ട്രീയ പാർട്ടികൾക്കും പെരുമാറ്റച്ചട്ടം കർശനമാക്കി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ. മതം, വംശം, ജാതി, സമുദായം, തുടങ്ങിയവയുടെ പേരിൽ സംഘർഷമോ ഭിന്നതയോ ഉണ്ടാക്കുകയോ വോട്ട് ചോദിക്കുകയോ ചെയ്യരുത്. വ്യക്തികൾക്കു നേരെ പ്രതിഷേധിക്കാൻ വീടുകൾക്ക് മുന്നിൽ പ്രകടനം, പിക്കറ്റിംഗ് തുടങ്ങിയവ പാടില്ല. സർക്കാർ ഓഫീസുകളിലും പരിസരത്തും ചുവരെഴുതാനോ പോസ്റ്റർ, ബാനർ, കട്ട്ഔട്ട് തുടങ്ങിയവ സ്ഥാപിക്കാനോ പാടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനം രാഷ്ട്രീയ പ്രചാരണങ്ങൾക്കോ റാലികൾക്കോ ഉപയോഗിക്കരുത്. പൊതുയോഗ ങ്ങളുടെ സ്ഥലവും സമയവും മുൻകൂട്ടി പോലീസിനെ അറിയിക്കണം.

## തദ്ദേശ തെരഞ്ഞെടുപ്പ് - കണ്ണൂർ (ഇൻട്രോ)

തദ്ദേശ തെരഞ്ഞെടുപ്പിനായി കണ്ണൂർ ജില്ലയിൽ ഒരുക്കങ്ങൾ പുരോഗമി ക്കുന്നു. വിവിധ രാഷ്ട്രീയ മുന്നണികൾ സ്ഥാനാർഥികളെ പ്രഖ്യാപിക്കുന്ന തിരക്കിലാണ്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

## സർവ്വകക്ഷി യോഗം

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള എന്യുമറേഷൻ ഫോം വിതരണം 90.42 ശതമാനം പൂർത്തി യായെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. വൈകിട്ടോടെ 2 കോടി 51ലക്ഷത്തി 82,253 പേർക്ക് ഫോറം നൽകാനായി. എന്യുമറേഷൻ ഫോം ലഭിക്കാത്തവർക്കായി പ്രത്യേക യജ്ഞം നടത്തും.

## ബീഹാർ

ബീഹാറിൽ സർക്കാർ രൂപീകരണ ചർച്ചകൾ സജീവം. നിലവിലെ മന്ത്രിസഭ യുടെ അവസാന യോഗം നാളെ ചേരുമെന്നാണ് സൂചന. ഈ യോഗത്തിൽ മന്ത്രിസഭ പിരിച്ചുവിടാൻ ശുപാർശ ചെയ്യും. നാളെ ചേരുന്ന ജെഡിയു നിയമസഭാ കക്ഷി യോഗ ത്തിൽ ശ്രീ നിതീഷ് കുമാറിനെ കക്ഷി നേതാവായി തിരഞ്ഞെ ടുക്കും. സഖ്യകക്ഷികളിലെ ഒട്ടേറെ നേതാക്കൾ ഇന്നലെ പട്നയിൽ ജെ ഡി യു അധ്യക്ഷനും മുഖ്യമന്ത്രിയുമായ നിതീഷ് കുമാറുമായി കൂടിക്കാഴ്ച്ച നടത്തിയിരുന്നു.

## അമിത് ഷാ - NZC

ഹരിയാനയിലെ ഫരീദാബാദിൽ നാളെ നടക്കുന്ന നോർത്തേൺ സോണൽ കൗൺസിൽ യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രിമാർ, ഡൽഹി, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിട ങ്ങളിലെ ലെഫ്റ്റനന്റ് ഗവർണർമാർ, ചണ്ഡീഗഡ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുമെ ന്നാണ് സൂചന. 32-ാമത് NZC യോഗത്തിൽ സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ഏകോപനം, ജലം പങ്കിടൽ, വികസന പ്രവർത്തനങ്ങൾ എന്നിവ ചർച്ചയാകും.

## പത്രദിനം

പത്രപ്രവർത്തന മൂല്യങ്ങളെയും മാധ്യമങ്ങളുടെ സാമൂഹിക ഉത്തരവാദിത്ത ത്തെയും ഓർമ്മിപ്പിച്ച് ഇന്ന് ദേശീയ പത്രദിനം. പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ സ്ഥാപിതമായതിന്റെയും പത്ര സ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കുന്നതിന്റെ യും ഓർമ്മപ്പെടുത്തൽ ആണ് ഈ ദിനം. ജനാധിപത്യ സമൂഹത്തിൽ ഉത്തര വാദിത്തപൂർണ്ണവും സ്വതന്ത്രവുമായ ഒരു മാധ്യമത്തിന്റെ പങ്ക് ഈ ദിനം എടുത്തു കാട്ടുന്നു.

## തിരുവിതാംകൂർ ദേവസ്വം പ്രസിഡൻറ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി ചുമതലയേറ്റ കെ.ജയകുമാർ ആറന്മുള ശ്രീ പാർത്ഥസാരഥി ക്ഷേത്രത്തിൽ ദർശനം നടത്തി. ശബരിമലയിലേക്കുള്ള യാത്രക്കിടെ

ആറൻമുളയിലെത്തിയ അദ്ദേഹത്തെ ക്ഷേത്രോപദേശക സമിതിയും, ദേവസ്വം ഉദ്യോഗസ്ഥരും ചേർന്ന് സ്വീകരിച്ചു. ശബരിമലയിലെ സ്വർണ്ണം അപഹരിച്ച കേസിൽ അന്വേഷണ സംഘത്തിന് പൂർണ്ണ സഹകരണം നൽകുമെന്ന് ശ്രീ ജയകുമാർ പറഞ്ഞു. ശബരിമലയിൽ സ്പോൺസർമാരായി വരുന്നവരുടെ പശ്ചാത്തലം പരിശോധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

## ശബരിമല

നാളെ വൃശ്ചികം ഒന്ന്. തീർത്ഥാടനത്തിന് തുടക്കം കുറിച്ച് ശബരിമല ക്ഷേത്ര നട ഇന്ന് വൈകിട്ട് 5 ന് തുറക്കും. തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽ ശാന്തി അരുൺകുമാർ നട തുറന്ന് ശ്രീകോവിലിൽ വിളക്ക് തെളിക്കും. ഇത്തവണ മണ്ഡലപൂജ ഡിസംബർ 27 നും തങ്ക അങ്കി ചാർത്തി ദീപാരാധന 26 നും വൈകിട്ട് 6.30 നും നടക്കും. 27 ന് രാത്രി 10 ന് നട അടയ്ക്കും. മകരവിളക്കിനായി 30 ന് വൈകിട്ട് 5 ന് നട തുറക്കും. മകര വിളക്ക് ജനുവരി 14 ന് ആണ്. തീർത്ഥാടനത്തിനു സമാപനം കുറിച്ച് ജനുവരി 20 ന് നട അടയ്ക്കും.

## എസ് ഐ ടി ശബരിമല

ശബരിമലയിലെ സ്വർണ്ണം അപഹരിച്ച കേസിൽ ശാസ്ത്രീയ പരിശോധന യ്ക്കായി എസ് ഐ ടി സംഘം സന്നിധാനത്ത്. എസ് പി ശശിധരനും സംഘവു മാണ് പരിശോധന നടത്തുന്നത്. ശ്രീകോവിലിലെ ദ്വാരപാലക പാളി, കട്ടിള പ്പാളി എന്നിവയുടെ സാമ്പിൾ ശേഖരിക്കുമെന്നാണ് സൂചന. ഹൈകോടതി നിർദേശം പ്രകാരം ആണ് നടപടി. ശാസ്ത്രീയ പരിശോധന കേസിന് കൂടുതൽ ബലം പകരും.

## കല്പാത്തി - രഥോത്സവം (ഇൻട്രോ)

പാലക്കാട് കൽപ്പാത്തിയിൽ ഇന്ന് മൂന്നാം തേരുത്സവം ആഘോഷി ക്കുന്നു. രാവിലെ പഴയ കൽപ്പാത്തി, ചാത്തപുരം ക്ഷേത്രങ്ങളിലെ രഥങ്ങൾ പ്രയാണം ആരംഭിച്ചു. വൈകീട്ട് തേരുമുട്ടിയിൽ പ്രയാണ ത്തിലുള്ള ദേവരഥങ്ങൾ സംഗമിക്കും.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## ക്രിക്കറ്റ്

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് 124 റൺസ് വിജയലക്ഷ്യം. മൂന്നാം ദിനം ദക്ഷിണാഫ്രിക്കയുടെ രണ്ടാം ഇന്നിങ്സ് 153 റൺസിൽ അവസാനിച്ചു. 55 റൺസ് നേടി പുറത്താകാതെ നിന്ന ദക്ഷിണാഫ്രിക്കൻ ക്യാപ്റ്റൻ ടെംബ ബവുമയുടെ ഇന്നിങ്സാണ് സ്കോർ 150 കടത്തിയത്. ഒടുവിൽ വിവരം കിട്ടുമ്പോൾ ഇന്ത്യ 2 വിക്കറ്റിന് റൺസ് എടുത്തിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം ഇപ്പോൾ മധ്യപ്രദേശിനെ നേരിടുന്നു. ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയത്തിലാണ് മത്സരം. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ കേരളം ഒടുവിൽ വിവരം കിട്ടുമ്പോൾ 4 വിക്കറ്റിന് 91 റൺസെടുത്തിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## സംസ്ഥാനം - മഴ

ശ്രീലങ്കൻ തീരത്തിന് സമീപം തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ടു. തെക്കൻ കേരളത്തിൽ 21 വരെ മഴയ്ക്ക് സാധ്യതയുണ്ട്. 19 വരെ പല സ്ഥലങ്ങളിലും ഒറ്റപ്പെട്ട കനത്ത മഴ പെയ്യാം. ഞായറാഴ്ച

ഇടുക്കിയിലും തിങ്കളാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകൾക്കും മഞ്ഞ ജാഗ്രത നൽകി.

## ബാല ചലച്ചിത്രോത്സവം

ആലപ്പുഴ ജവഹർ ബാലഭവൻ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന ബാല ചലച്ചിത്രോത്സവത്തിൽ ഇന്ന് ''കുമ്മാട്ടി, 'ടർട്ടിൽസ് ക്യാൻ ഫ്ളൈ' 'കളേഴ്സ് ഓഫ് പാരഡൈസ്', 'കൊക്കോ' എന്നീ ചിത്രങ്ങൾ പ്രദർശിപ്പിക്കും. 3 ദിവസത്തെ ചലച്ചിത്രോത്സവം നാളെ അവസാനിക്കും. നെടുമുടി വേണു നഗറിൽ നടക്കുന്ന ബാല ചലച്ചിത്രോത്സവം ഇന്നലെ സംവിധായകൻ സാജിദ് യഹിയ ഉദ്ഘാടനം ചെയ്തു. ''പല്ലൊട്ടി' എന്ന ചിത്രം പ്രദർശിപ്പിച്ചു കൊണ്ട് ആരംഭിച്ച ചലച്ചിത്രോത്സവത്തിൽ ദിവസവും നാല് ചിത്രങ്ങൾ വീതം പ്രദർശിപ്പിക്കും.

## വെടിയേറ്റ് മരിച്ചു

കണ്ണൂർ പെരിങ്ങോം വെള്ളോറയിൽ യുവാവ് വെടിയേറ്റു മരിച്ചു. എടക്കോത്തെ നെല്ലംകുഴിയിൽ സിജോ ആണ് മരിച്ചത്. 37 വയസ്സായിരുന്നു. ഇന്ന് പുലർച്ചെ 5.30 നായിരുന്നു സംഭവം. സുഹൃത്തിനൊപ്പം നായാട്ടിന് പോയതാണെന്ന് കരുതുന്നതായി പോലീസ് പറഞ്ഞു. കൂടെ ഉണ്ടായിരുന്ന ഷൈൻ എന്നയാളെ പോലീസ് കസ്റ്റഡിയിൽ എടുത്തു.